ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റും നിരുത്തരവാദപരമായ പെരുമാറ്റം–അവിടെ ഡോക്ടറില്ലെന്ന് പറഞ്ഞ് അവിടെ പരിശോധനയ്ക്ക് വിധേയമാക്കാതെ വിടുകയാണുണ്ടായത്. അതിനുശേഷം നാട്ടുകാരും പോലീസും പാലക്കാട് ജില്ലാ ആശുപത്രിയിൽ പോയി. ജില്ലാ ആശുപത്രിയിൽ ലേഡി ഡോക്ടർ 'ഉഷ' ആ കുട്ടിയുടെ രക്ഷിതാവില്ലാത്തതുകൊണ്ട് ആ കുട്ടിയെ പരിശോധനയ്ക്ക് വിധേയമാക്കാതെ മടക്കി വിടുകയാണുണ്ടായത്. അതിനുശേഷം മണ്ണാർക്കാട് ആശുപത്രിയിൽ വന്ന് ബന്ധപ്പെട്ട് ഷൊർണ്ണൂർ ഡി., വൈ. എസ്. പി. യും മറ്റും ഇടപെട്ട്, അതിന്റെ അടിസ്ഥാനത്തിലാണ് ഡോക്ടർ കുഞ്ഞാലൻ അക്കാര്യത്തിൽ ഒരു നടപടി ഉണ്ടാക്കിയത്. ഈ കുട്ടിയുടെ സഹോദരൻ കൂടെയുണ്ടായിരുന്നു. എന്നാൽ ആശുപത്രി അധികൃതരിൽ നിന്നും നിരുത്തരവാദപരമായ സമീപനമാണുണ്ടായത്. ഇത്തരം ഡോക്ടർമാരുടെ പേരിൽ കർക്കശമായ നടപടികളും എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചു കൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, 3-ാം തീയതി 7-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന സരസ്വതി അവരുടെ ബന്ധപ്പെട്ട ഒരു സ്ത്രീ കാളിയും കൂടി വീട്ടിൽ പോകുന്ന വഴിക്കുവച്ചാണ് സംഭവം ഉണ്ടായത്. രങ്കൻ എന്നൊരാളാണ് ഇവരെ ഉപദ്രവിച്ചത്. ഇവരെല്ലാം ഒരേ സമുദായത്തിൽ പെട്ടവരാണ്. രങ്കൻ വഴിക്കുവച്ച് സരസ്വതിയെ ബലമായി കടന്നുപിടിച്ചു. കാളിയെ കടന്നുപിടിച്ചു, കാളി രക്ഷപ്പെട്ടു. ഉടൻ തന്നെ ഈ രങ്കൻ സരസ്വതിയെ പിടിച്ച് ബലമായി ഒരു ശവപ്പറമ്പിലേക്ക് കൊണ്ടുപോയി. അവരെ ഉപദ്രവിച്ചു എന്നുള്ളതാണ് സംഭവം. അതിനെ തുടർന്ന് ഈ കുട്ടിയെ പരിശോധനയ്ക്കായി മണ്ണാർക്കാട് ആശുപത്രിയിൽ കൊണ്ടുപോയി. അപ്പോൾ അവിടെ ലേഡി ഡോക്ടർ ഇല്ലാതിരുന്നതുകൊണ്ട് അവരെ അവിടെ നിന്ന് പാലക്കാട്ട് ആശുപത്രിയിലേക്ക് കൊണ്ടുപോയി. പാലക്കാട്ടുള്ള ലേഡി ഡോക്ടർ ഇവരുടെ രക്ഷിതാക്കൾ ഇല്ലാത്തതുകൊണ്ട് പരിശോധിക്കാൻ വിസമ്മതിച്ചതിനെത്തുടർന്ന് രണ്ടാമതും മണ്ണാർക്കാട് ആശുപത്രിയിൽ കൊണ്ടുവന്നു പരിശോധിച്ചു. ഡോക്ടർ സർട്ടിഫൈ ചെയ്തതിനെത്തുടർന്ന് കേസ് എടുത്ത് രങ്കനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ ഡോക്ടർ ഏത് കാരണവശാലാണ് പരിശോധിക്കാൻ വിസമ്മതിച്ചത് എന്നതിനെ സംബന്ധിച്ച് പരിശോധിച്ച് അതിൻമേൽ നടപടി ആവശ്യമാണെങ്കിൽ അതിൻമേൽ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

6. മാവേലിക്കരയിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ്

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : സർ, മാവേലിക്കര ട്രാൻസ്പോർട്ട് ബസ് സ്റ്റാൻഡിൽ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 1945-ൽ തുടങ്ങിയതാണ്. ഇപ്പോൾ അവിടെ ഒരു സബ് ഡിപ്പോക്കുള്ള പണിയൊക്കെ നടന്നു കൊണ്ടിരിക്കുകയാണ്. ആ ഡിപ്പോയുടെ പണി ഇപ്പോൾ സ്തംഭനത്തിലാണ്. കോർപ്പറേഷൻ പണം കൊടുക്കാത്തതുകൊണ്ട് അതിന്റെ പണി ഏതാണ്ട് 80 ശതമാനത്തോളമായി എങ്കിലും ബാക്കി പണി പൂർത്തിയാകാതെ കിടക്കുകയാണ്. അതുകൊണ്ട് എത്രയും വേഗം പണം കൊടുത്ത് അതിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ കഴിഞ്ഞ സമ്മേളന കാലത്തും ഈ ആവശ്യം ഉന്നയിച്ചിരുന്നു. സാമ്പത്തിക പരിമിതികൊണ്ടുമൂലം പണിതിടത്തോളമുള്ള ബിൽ

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്റ്റർക്കു കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്തായാലും അദ്ദേഹം വീണ്ടും ഈ ആവശ്യം സഭയിൽ ഉന്നയിച്ചിരിക്കുകയാണ്. ഇന്നുതന്നെ ഇതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കോൺട്രാക്റ്റർക്ക് കൊടുക്കുവാനുള്ള ബിൽ കൊടുക്കുവാനും പണി പൂർത്തിയാക്കുവാനും ആവശ്യമായ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

7. അവശ കലാകാരൻമാരുടെ പെൻഷൻ

ശ്രീ. വി. കെ. രാജൻ : സർ, അവശ കലാകാരൻമാർക്ക് ഇന്ന് നൽകി വരുന്ന പെൻഷൻ തുക ഏകീകരിച്ച് 500 രൂപയാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അവശ പത്ര പ്രവർത്തകർക്കും ചലച്ചിത്ര കലാകാരൻമാർക്കും അവരുടെ ആശ്രിതർക്കും വിവിധ നിരക്കിൽ സർക്കാർ നൽകി വരുന്ന പ്രതിമാസ സാമ്പത്തിക സഹായം ഏകീകരിച്ച് വർദ്ധിപ്പിച്ചതായി മന്ത്രി ശ്രീ. കെ. എം. മാണി പ്രഖ്യാപിക്കുകയുണ്ടായി. വൈകിയാണെങ്കിലും ആവശ്യം വേണ്ട ഒരു തീരുമാനമാണ് സർക്കാർ ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നത്. എന്നാൽ സാഹിത്യം തുടങ്ങിയ കലാസാംസ്കാരിക രംഗങ്ങളിലും വിവിധ വാദ്യോപകരണങ്ങളും കൈകാര്യം ചെയ്തു ജീവിതകാലം മുഴുവൻ നിസ്തുല സേവനമനുഷ്ഠിച്ചിട്ടുള്ള അവശ കലാകാരൻമാർക്കു വർദ്ധിപ്പിച്ചിട്ടുള്ള ഏകീകരിച്ച നിരക്ക് ബാധകമാക്കി കാണുന്നില്ല. അതുകൊണ്ട് അതിനാവശ്യമായ നടപടികളും സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇപ്പോൾ ഒരു പദ്ധതിയുണ്ട്. 100, 150 രൂപ വീതമാണ് കൊടുക്കുന്നത്. പക്ഷേ, കേന്ദ്ര ഗവൺമെൻറിൻറെ പദ്ധതിയനുസരിച്ച് 50 വയസ്സുവരെയുള്ള ആളുകൾക്ക് 250 രൂപ മുതൽ 600 രൂപ വരെയും 50 വയസ്സിനു മുകളിൽ ഉള്ള ആളുകൾക്ക് 750 രൂപ വരെയും കൊടുക്കുന്ന പദ്ധതിയാണ് കേന്ദ്രഗവൺമെൻറിൽ ഇന്ന് നിലവിലുള്ളത്. ഈ രണ്ട് പദ്ധതികളേയും സംയോജിപ്പിച്ച് കൊണ്ടു പോകാൻ സാധിക്കുമോയെന്നുള്ള സ്ഥിതിയെക്കുറിച്ച് പരിശോധിക്കുന്നതിനു വേണ്ടി വരുന്ന ഡിസംബറിൽ ആദ്യവാരം ഇതുമായി ബന്ധപ്പെട്ട ആളുകളുടെ ഒരു കോൺഫറൻസ് വിളിച്ചിരിക്കുകയാണ്. ആ കോൺഫറൻസിനു ശേഷം തീരുമാനമെടുത്ത് നടപ്പിലാക്കുന്നതായിരിക്കും.

V റിപ്പോർട്ട് സമർപ്പണം

1. 1986-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട്
2. 1986-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മറ്റി റിപ്പോർട്ട്.
3. എസ്റ്റിമേറ്റ് കമ്മറ്റിയുടെ 23-ാമത് റിപ്പോർട്ട്

Minister for Co-operation (**Smt. M. Kamalam**) : Sir, I present the Report of the Subject Committee on the Kerala Co-operative Societies (Amendment) Bill, 1986.

LIBRARY ARCHIVES Kerala Legislative Assembly